Page 1 of 2

കയാണ്. ഈ ബിൽ സബ്ജക്ട് കമ്മിററിയുടെ പരിഗണനയ്ക്കു വിടണം. അതു കഴിഞ്ഞ് പന്ത്രണ്ടും പതിനേഴും ദിവസങ്ങളിലായി ഈ ബിൽ ഇവിടെ ചർച്ചക്കുവരും. തീർച്ചയായും അപ്പോഠം കൂടുതൽ വിപുലമായ രീതിയിൽ ഇതിനെ കുറിച്ച് ചർച്ച ചെയ്യാമെന്നു പറഞ്ഞു കൊണ്ട് ഞാൻ ഈ ബിൽ സബ്ജക്ട് കമ്മിററിക്കയയ്ക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നു.

ശ്രീ.കെ.ആർ.ചന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

1987-ലെ കേരള ധനകാര്യബിൽ 5-ാം സബ്ജക്ട് കമ്മിററിയുമായി ചേർന്ന് പരിഗണിക്കുന്നതിനായി 8-ാം നമ്പർ സബ്ജക്ട് കമ്മിററിക്കയയ്ക്കണമെന്ന പ്രശ്നം സഭ അംഗീകരിക്കുകയും, ബിൽ സബ്ജക്ട് കമ്മിററിക്കയയ്ക്കുകയും ചെയ്തു.

## VII സ്പീക്കറുടെ റൂളിംഗ്

<u>മി.സ്പീക്കർ:</u> ശ്രീ.കെ.എം.മാണി ഇന്ന് രാവിലെ ഉന്നയിച്ച ഒരു പോയിൻറ് ഓഫ് ഓർഡറിനെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. ഞാൻ അദ്ദേഹത്തിൻെറ പ്രസംഗവും അദ്ദേഹം ഉന്നയിച്ച പ്രശ്നങ്ങളും പരിശോധിക്കുകയുണ്ടായി. ഒന്നാമതായി ബഡ്ജററ് പ്രസംഗത്തിൽ ഒന്നാം ഷെഡ്യൂളിലെ 170-ാം ഇനം അനുസരിച്ചുള്ള റബ്ബർ ഉൽപ്പന്നങ്ങഠം എന്ന് പറഞ്ഞിരിക്കുന്നതിലും ഫൈനാൻസ് ബില്ലിൽ അഞ്ചാം പട്ടികയിൽ ക്രമനമ്പർ, 7-ആയി ഒന്നാം പട്ടികയിലെ 178-ാം ഉപക്കുറിപ്പിൽ ഫ്ളൈവുഡ്, ഹാർഡ്ബോർഡ് തുടങ്ങിയവയെ സംബന്ധിച്ചുള്ള പ്രൊപ്പോസലുകളിലും പരസ്പര വൈരുദ്ധ്യം ഉണ്ടെന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നതിൻെറ സാരം. 12-6-1987-ൽ സഭയിൽ ഞാൻ നൽകിയ റൂളിംഗിൽ അന്ന് പ്രതിപക്ഷം ചൂണ്ടിക്കാണിച്ച തെററുകഠം ഫിനാൻസ്ബിൽ അവതരിപ്പിക്കുന്ന അവസരത്തിൽ തിരുത്താൻ ഗവൺമെൻറിന് സാവകാശം ഉണ്ടെന്ന് ചൂണ്ടിക്കാണിച്ചിരുന്നു. ഇപ്പോഠം ശ്രീ.കെ.എം.മാണി ഉന്നയിച്ചത് ബഡ്ജററ് പ്രസംഗത്തിലെ 113-ാം ഖണ്ഡികയോട് അനുബന്ധിച്ചുള്ള ഷെഡ്യൂളിലെ 8, 10, 11 എന്നീ ഇനങ്ങഠം ഫിനാൻസ് ബില്ലിൽ പരസ്പര വിരുദ്ധമായിട്ടുള്ള രീതിയിലാണ് പ്രതിപാദിച്ചിട്ടുള്ളത് എന്നാണ്. ബഡ്ജററ് പ്രസംഗത്തിൽ പറയുന്നത് നികുതി നിർദ്ദേശങ്ങളുടെ ജനറൽ പ്രിൻസിപ്പിഠംസ് മാത്രമാണ്. എന്നാൽ ഫിനാൻസ് ബില്ലിൽ അതിൻെറ വിശദാംശങ്ങഠം കൊടുക്കുകയും അതിനൊരു ലീഗാലിററി പിന്നീട് നേടുകയും ചെയ്യും. ഉദാഹരണമായി ബഡ്ജററ് സ്പീച്ചിൽ പത്താമത് ഐററമായി പറഞ്ഞത് 1-ാമത് ഷെഡ്യൂളിലെ 170-ാം ഇനം അനുസരിച്ചുള്ള റബ്ബർ ഉൽപ്പന്നങ്ങളെന്നാണ്. എന്നാൽ ഫൈനാൻസ് ബില്ലിൽ, 'rubber products other than those specifically covered by the first schedule' എന്നാണ് പറയുന്നത്. അത് കൂടുതൽ ക്ലാരിററിക്കും ടാക്സ് ഇവേഷൻ ഇല്ലാതാക്കാനും വേണ്ടിയാണെന്ന് പരിചയസമ്പന്നനായ ഫിനാൻസ് മന്ത്രിയായിരുന്ന മാണിക്ക് നല്ലപോലെ മനസ്സിലാകുമെന്നാണ് ചെയർ വിശ്വസിക്കുന്നത്.

<u>ശ്രീ.കെ.എം.മാണി:</u> കോൺട്രഡിക്ടറിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

<u>മി. സ്പീക്കർ:</u> മന്ത്രി പ്രഖ്യാപിച്ച ഇളവുകൾ ഫിനാൻസ് ബില്ലിൽ പറയേണ്ട കാര്യമില്ല. അതിന് പ്രത്യേക നോട്ടിഫിക്കേഷൻ കൺസേൺഡ് ഡിപ്പാർട്ടുമെൻറ് പുറപ്പെടുവിച്ചാൽ മതി. ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറ് അതിന് ബാദ്ധ്യസ്ഥരുമാണ്. ഇവിടെ പരിശോധിച്ചതിൽ പരസ്പര വിരുദ്ധമായി ഒന്നുംതന്നെ സംഭവിച്ചിട്ടില്ല. ഇനിയും എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ അത് സബ്ജക്ട് കമ്മിററി പരിശോധിക്കാവുന്നതും സബ്ജക്ട് കമ്മിററി റിപ്പോർട്ടു വരുന്ന മുറയ്ക്ക് വീണ്ടും അമെൻറ്മെൻറ് മൂവ് ചെയ്തു സഭയെക്കൊണ്ട് അംഗങ്ങൾക്ക് അംഗീകരിപ്പിക്കാവുന്നതാണ്. അതിന് ധാരാളം സന്ദർഭം ലഭിക്കുമെന്നിരിക്കെ അതിനെ സംബന്ധിച്ച് അവസാന തീർപ്പ് കൽപ്പിക്കേണ്ടത് ഈ സഭയാണ്. ബഹുമാനപ്പെട്ട ശ്രീ. കെ. എം. മാണി ഉന്നയിച്ച പോയിൻറ് ഓഫ് ഓർഡർ നിലനിൽക്കത്തക്കതല്ലയെന്ന് ചെയർ റൂൾ ചെയ്യുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

1987 ആഗസ്റ്റ് 11–ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30ന് സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 3.41ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly